**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ നടത്തുന്ന പരിശീലന പരിപാടി പരിഷ്കരിച്ചുള്ള ഉത്തരവ് - വിശദീകരണം പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ)965/10/ തസ്വഭവ തിരുവനന്തപുരം, തീയതി, 20.03..2010

---

പരാമർശം :- 1. 21.01.10-ലെ ജി.ഒ.(ആർ.ടി) നം.239/10/തസ്വഭവ നമ്പർ ഉത്തരവ്.
2. 27.01.10 ലെ കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ ഡയറക്ടറുടെ **1101/A/PRTC** നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം, കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ നടത്തുന്ന സേനാ വിഭാഗങ്ങളിലേക്കും പാരാമിലിട്ടറി വിഭാഗത്തിലേക്കുമുള്ള പരിശീലന പരിപാടി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി ഉത്തരവിലെ പരിശീലന കാലയളവ് സംബന്ധിച്ചും പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ നടത്തുന്ന മറ്റ് പരിശീലന പരിപാടി സംബന്ധിച്ചും പരാമർശം (2)ന്റെ അടിസ്ഥാനത്തിൽ, ഇതു സംബന്ധിച്ച്, താഴെപ്പറയുന്ന വിശദീകരണം പുറപ്പെടുവിക്കുന്നു.

1. 21.01.10 ലെ ഉത്തരവ് പ്രകാരം പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സിന്റെ വർദ്ധിപ്പിച്ച പത്ത് ആഴ്ച കാലാവധിയിൽ 8 ആഴ്ച സാധാരണയായുള്ള പരിശീലനം നൽകുന്നതിനും ബാക്കിയുള്ള രണ്ടാഴ്ച ടി ഉത്തരവിലെ നിബന്ധന 4 പ്രകാരമുള്ള രണ്ടാഴ്ചത്തേക്കുള്ള സൗജന്യ റിഫ്രഷർ ട്രെയിനിംഗ് കാലാവധിയുമായിരിക്കുന്നതാണ്.

2. സെക്യൂരിറ്റി ഗാർഡുകളുടെ പരിശീലന കാലയളവ്, ഫീസ് ഘടന എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ യാതൊരു മാറ്റവും ഉണ്ടായിരിക്കുന്നതല്ല.

3. പരിശീലനാർത്ഥികളുടെ തിരഞ്ഞെടുപ്പ്, ഉപയോഗിക്കാവുന്ന ഫണ്ട്, വിവിധ ഘട്ടങ്ങളിലായി നൽകാവുന്ന പരിശീലന ഫീസിന്റെ വിശദാംശങ്ങൾ മുതലായവ സംബന്ധിച്ചുള്ള സെക്യൂരിറ്റി ഗാർഡുകളുടെ പരിശീലനം സംബന്ധിച്ച

ഉത്തരവിലെ നിബന്ധനകളും (3 മുതൽ 10 വരെ) 30.04.09 ലെ 485/ഡിഎ1/09/തസ്വഭവനമ്പർ സർക്കുലർ നിർദ്ദേശങ്ങളും പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സിന്റെ പരിശീലനത്തിനും ബാധകമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം - തുടർ നടപടികൾ സ്വീകരിച്ച് വിവരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, ലൂക്ക്സ് ലേൻ, ടി.സി.നം.25/2727(4), പുത്തൻചന്ത, തിരുവനന്തപുരം. } ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്
ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ, സിവിൽ സ്റ്റേഷൻ , കോഴിക്കോട്.
ഡയറക്ടർ , കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ.
പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ , ഐ.കെ.എം.(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അടിയന്തിരമായി പ്രസിദ്ധപ്പെടുത്തുന്നതിന്.)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ (ഡി.ബി)( ഡി.സി.)( ഡി.ഡി.) (എഫ്.എം.) വകുപ്പുകൾക്ക്.